**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 5270**

**5.07.2012 -ൽ മറുപടിയ്ക്ക്**

**ഖാദി വ്യവസായ മേഖലയിലെ തൊഴിൽദായക പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആർ. സെൽവരാജ് :**<br>" **പി.എ. മാധവൻ**<br>" **തേറമ്പിൽ രാമകൃഷ്ണൻ :**<br>" **സണ്ണി ജോസഫ് :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>**( സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)** |
| (എ) ഖാദി വ്യവസായ മേഖലയിലെ തൊഴിൽദായക പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം, വിശദമാക്കുമോ; | (എ) 1. സ്വയം തൊഴിൽ അധിഷ്ഠിതമായ ഗ്രാമവ്യവസായങ്ങൾ ആരംഭിക്കുന്നതിലൂടെ ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടി ക്കുക.<br>2. പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക, അതിലൂടെ തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് അവരവരുടെ പ്രദേശത്ത് തന്നെ തൊഴിൽ അവസരങ്ങൾ സംജാതമാക്കുക.<br>3. സ്ഥിരമായ തൊഴിൽ അവസരങ്ങളിലൂടെ മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പുവരുത്തുക.<br>4. തൊഴിലാളികളുടെ കഴിവ് വർദ്ധിപ്പിക്കുകയും അതിലൂടെ അവരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടാക്കുകയും ചെയ്യുക.<br>5. ചെറുകിട വ്യവസായ മേഖലയ്ക്ക് കൂടുതൽ വായ്പകൾ നൽകു ന്നതിന് ധനകാര്യ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക. |
| (ബി) ഗ്രാമവ്യവസായ യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) വ്യവസായ സംരംഭകർക്ക് മാർജിൻമണി ഗ്രാന്റിന് പുറമെ സൗജന്യ സംരംഭകത്വ പരിശീലനം നൽകുകയും, പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിന് അവസരവും നൽകുന്നു. |

(സി) ഈ യൂണിറ്റുകൾക്ക് മാർജിൻ മണി ഗ്രാന്റായി നൽകുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഉണ്ട്.

കേന്ദ്ര ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP) അനുസരിച്ച് ഗ്രാമപ്രദേശങ്ങളിൽ മുന്നോക്ക വിഭാഗത്തിലെ പുരുഷൻമാർക്ക് പദ്ധതി ചെലവിന്റെ 25% സബ്സിഡി അനുവദിക്കുന്നുണ്ട്. പട്ടികവിഭാഗങ്ങൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ, മതന്യൂനപക്ഷ വിഭാഗങ്ങൾ, വികലാംഗർ, മിലിട്ടറി സേവനത്തിൽ നിന്ന് പിരിഞ്ഞവർ, സ്ത്രീകൾ തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾക്ക് പദ്ധതി ചെലവിന്റെ 35% വരെ മാർജിൻ മണി ഗ്രാന്റായി നൽകുന്നു.

സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അനുസരിച്ച് ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് പദ്ധതി തുകയുടെ 25% വരെയും പിന്നോക്ക വിഭാഗക്കാർക്കും വനിതകൾക്കും 30% വരെയും പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് 40% വരെയും മാർജിൻ മണി ഗ്രാന്റായി നൽകുന്നുണ്ട്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ എന്തു തുക നൽകുകയുണ്ടായി; വിശദമാക്കുമോ ?

(ഡി) പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP) അനുസരിച്ച് 2011-12 വർഷം ഖാദി ബോർഡ് വഴി 393 യൂണിറ്റുകൾക്ക് 905.30 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായി അനുവദിച്ചു.

സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അനുസരിച്ച് 2011-12 വർഷം 506 യൂണിറ്റുകൾക്ക് 71.76 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായി അനുവദിച്ചു.

സെക്ഷൻ ഓഫീസർ